**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ വളർച്ചാനിരക്കിനേക്കാൾ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കുന്നതിനും ആളോഹരി വരുമാന വർദ്ധനവിനും അടിസ്ഥാനമായി മുൻ സർക്കാരും നിലവിലെ സർക്കാരും സ്വീകരിച്ച സാമ്പത്തികനയ നടപടികൾ എന്തൊക്കെയാണെന്നും വ്യവസായിക, കാർഷിക, സേവന മേഖലകളിൽ ഏതെല്ലാം വിധത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും, ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും, സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കു പ്രകാരം 2021-22 ൽ കേരളത്തിന്റെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19 ലുള്ള നിലയുമായി താരതമ്യം ചെയ്യാൽ ഇത് 15.05 ശതമാനമാവും. ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽ തന്നെ തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ അന്തർദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും |

ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം, 2020 ലും 2021ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായിട്ട് പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റു പശ്ചാത്തല മേഖലയിലൂടേയും നടത്തിയ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കിയിട്ടുണ്ട്.

2020 മാർച്ചിലും 2021 ജൂണിലും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളുടേയും അനുബന്ധ പാക്കേജിൻറേയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.

2020-21,2021-22 സാമ്പത്തിക വർഷത്തിൽ മൂലധന ചെലവിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് സംസ്ഥാന സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള വികസനോന്മുഖമായ കാഴ്ച്ചപ്പാടിന് തെളിവാണ്. 2018-ലെയും 2019-ലെയും അതിതീവ്ര മഴയും തുടർന്നുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും 2020-21 വർഷത്തിലെ കോവിഡ് മഹാമാരിയുടെ വ്യാപനവും സൃഷ്ടിച്ച ആഘാതം പ്രസ്തുത വർഷത്തിലെ മൂലധന ചെലവിനത്തെ ഒരു പരിധി വരെ സ്വാധീനിച്ചിട്ടുണ്ട്. 2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ മൂലധന ചെലവിനത്തിന്റെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| വർഷം | മൂലധന ചെലവ് (തുക കോടിയിൽ) |
|---|---|
| 2016-17 | 11286.24 |
| 2017-18 | 10289.46 |
| 2018-19 | 9753.43 |
| 2019-20 | 9665.02 |
| 2020-21 | 15438.15 |
| 2021-22 | 17046.32 |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ വളർച്ചയിലേക്ക് നയിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് അനുകൂല നയം സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം കേന്ദ്രം അനുവദിച്ചിട്ടുണ്ടോ; അനുവദനീയമായ വായ്പ എടുക്കുന്നതിന് കേന്ദ്രം അനുമതി നിഷേധിച്ചിട്ടുണ്ടോ; വികസന പദ്ധതികളോട് കേന്ദ്രം സ്വീകരിച്ച സമീപനം എന്താണെന്ന് വിശദമാക്കാമോ? | (ബി) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5455.10 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3990.46 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണ് എന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിജോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് 22.07.2022-ലെ 134/2022/ എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥി-ച്ചിട്ടുമുണ്ട്. കിഫ്ബി, KSSPL എന്നിവയുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.<br><br>ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഒന്നാം കോവിഡ് പാക്കേജിന് അനുവദിച്ച തുകയുടെ വിശദാംശം**

| **ഇനം** | **തുക (കോടിയിൽ)** |
|---|---|
| കോവിഡ് 19 നിയന്ത്രണത്തിനും നിർവഹണത്തിനും ദേശീയ ആരോഗ്യ മിഷന് നൽകുന്ന ധനസഹായം | 488.8955 |
| 108 ആംബുലൻസ് | 42.9166 |
| കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് | 200 |
| ദേശീയ ആരോഗ്യമിഷനു കീഴിലെ കോവിഡ് ബ്രിഗേഡ് പാക്കേജ് ജീവനക്കാർക്കുള്ള ആനുകൂല്യവും റിസ്ക്ക് അലവൻസും | 68 |
| വെൽഫെയർ ബോർഡ് | 276.7034 |
| സാമൂഹ്യ സുരക്ഷാ പെൻഷൻ | 11924.14 |
| ഭക്ഷ്യകിറ്റ് | 4238.29 |
| MSME (സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ) | 1.63 |
| മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (ബാങ്ക് വായ്പ)<br>(i) ആദ്യ ഗഡു സബ്സിഡി<br>(ii) രണ്ടാം ഗഡു സബ്സിഡി | 1917.56<br>165.04<br>93 |
| കേരള കൾച്ചറൽ ആക്റ്റിവിസ്റ്റ് വെൽഫെയർ ഫണ്ട് | 2.7554 |
| KSFDC (കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ) | 6.6 |
| KTDC (കേരള ടൂറിസം വികസന കോർപറേഷൻ) | 60 |
| DTPC (ഡിസ്ട്രിക്റ്റ് ടൂറിസം പ്രൊമോഷൻ കൌൺസിൽ) | 5.1952 |
| പൊതുമരാമത്ത് കരാറുകാരുടെ തുക | 4080 |
| മറ്റ് കരാറുകാർ/വിതരണക്കാർ | 2791 |
| **ആകെ** | **26361.726** |

## രണ്ടാം കോവിഡ് പാക്കേജ്

| ഇനം | തുക (കോടിയിൽ) | ഫണ്ടിന്റെ ഉറവിടം |
|---|---|---|
| 1.ആരോഗ്യം | | |
| • വാക്സിനും മറ്റ് ചെലവുകളും | 1500 | ബജറ്റ് വിഹിതം |
| • സി.എച്ച്.സി, താലൂക്ക് ഡിസ്ട്രിക്ട് ഐസൊലേഷൻ ബ്ലോക്ക്സ് | 636.5 | എം.എൽ.എ സഹായം |
| • സെൻട്രൽ സ്റ്റെറിലൈസേഷൻ സെർവീസ് ഡിപ്പാർട്ട്മെന്റ് | 18.75 | അധിക ബാധ്യത |
| • ഐസൊലേഷൻ വാർഡ് | 50 | അധിക ബാധ്യത |
| • പീഡിയാട്രിക് ഐസിയു | 25 | അധിക ബാധ്യത |
| • ഓക്സിജൻ പ്ലാന്റ്-ഡി.പി.ആർ | 0.25 | അധിക ബാധ്യത |
| • സെന്റർ ഫോർ ഡിസീസ് കൺട്രോൾ-ഡി.പി.ആർ | 0.5 | അധിക ബാധ്യത |
| • റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & ലാബ്സ് | 10 | അധിക ബാധ്യത |
| • ആരോഗ്യ ധനസഹായം | 559 | സി.എസ്.എഫ്.സി ഗ്രാന്റ് |
| **ആകെ** | **2800** | |
| 2. ഇൻകം ട്രാൻസ്ഫർ | | |
| • ഭക്ഷ്യ കിറ്റ് | 1740 | |
| • വെൽഫയർ ബോർഡ് | 1100 | |
| • എംപ്ലോയ്മെന്റ് ഗ്യാരന്റി | 3100 | |
| • എസ്.എസ്.പി | 848 | ബജറ്റ് വിഹിതം |
| • ആയിരം രൂപ ധനസഹായം | 147 | സിഎംഡിആർഎഫ് |
| • കോൺട്രാക്ട് സപ്ലയർ അരിയർ | 1700 | ബജറ്റ് വിഹിതം |
| • കുടുംബശ്രീ ഇന്ററസ്റ്റ് | 215 | അധിക ബാധ്യത |
| • റബ്ബർ സബ്സിഡി | 50 | അധിക ബാധ്യത |
| **ആകെ** | **8900** | |
| 3. ഇക്കണോമിക് റിവൈവൽ | | |
| • കാർഷിക ഉൽപാദന വായ്പ | 2000 | നബാർഡ് ലോൺ കേരള ബാങ്ക് വഴി |

| | | |
|---|---|---|
| • ചെറുകിട വ്യവസായവും കൃഷിയും | 1600 | ബാങ്ക് ലോൺ/NBFC ലോൺ |
| • കുടുംബശ്രീ എൻ എച്ച് ജി | 1000 | ബാങ്ക് ലോൺ |
| • ഇലക്ട്രിക് വെഹിക്കിൾ ലോൺസ് | 200 | എസ്.ബി.ഐ ലോൺ |
| • എംഎസ്എംഇ ലോൺസ് | 2000 | NBFC ലോൺ |
| • ടൂറിസം ലോൺസ് | 500 | NBFC ലോൺ |
| • നോർക്ക സ്വയംതൊഴിൽ | 1000 | ബാങ്ക് ലോൺ/NBFC ലോൺ |
| **ആകെ തുക** | 8300 | |
| **ആകെ മൊത്തം തുക** | 20000 | |

**<u>കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ, എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ അനുബന്ധ പാക്കേജ്.</u>**

1. കേന്ദ്ര – സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറു മാസത്തേക്ക് വഹിക്കുന്നതാണ്. ആകെ 2000 കോടി രൂപ വലിപ്പമുള്ള വായ്പാ പദ്ധതിക്കുള്ള പലിശയിളവാണിത്. ഒരു ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.
2. സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുന്നതാണ്.
3. ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് (എം.എസ്.എം.ഇ) കെട്ടിട നികുതി ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കും. ഈ സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും സർക്കാർ വാടകയും ഒഴിവാക്കുന്നതാണ്.
4. **<u>കെ.എസ്.എഫ്.ഇ:-</u>** കെ.എസ്.എഫ്.ഇ കോവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലായവർക്ക് ആശ്വാസം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കും. 20.01.2021 മുതൽ default ആയ കെ.എസ്.എഫ്.ഇ. നൽകിയ എല്ലാ ലോണുകളുടെയും പിഴ പലിശ സെപ്റ്റംബർ 30 വരെ ഒഴിവാക്കി നൽകും. ചിട്ടിയുടെ കുടിശ്ശികക്കാർക്ക് കാലാവധി അനുസരിച്ച് സെപ്തംബർ 30 വരെയുള്ള അമ്പതു മുതൽ നൂറു ശതമാനം വരെ പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 20.01.2021 മുതൽ default ആയ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 30.09.2021 വരെ ചിട്ടിപിടിച്ച ചിറ്റാളന്മാർക്ക് ഡിവിഡന്റ് നഷ്ടപ്പെടില്ല.

5. **കെ.എഫ്.സി:-**കോവിഡ് പശ്ചാത്തലത്തിൽ വ്യവസായ പുനരുജ്ജീവനത്തിനായി കെ.എഫ്.സി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മൂന്നു പദ്ധതികൾ.

(i) **സ്റ്റാർട്ടപ്പ് കേരള പദ്ധതി:-** ഒരു കോടി രൂപ വരെ കോളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്ന 'സ്റ്റാർട്ടപ്പ് കേരള' വായ്പാപദ്ധതി. ഇതിനായി കെ.എഫ്.സി 50 കോടി രൂപ മാറ്റി വയ്ക്കും.

(ii) **വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതി:-**സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്ന പ്രത്യേക വായ്പാ പദ്ധതി. 20 കോടി വരെ ഒരു സംരംഭത്തിന് അനുവദിക്കുന്ന ഈ പദ്ധതിയിൽ, 500 കോടി രൂപ മാറ്റി വയ്ക്കും.

(iii) **മുഖ്യമന്ത്രിയുടെ സംരഭക വികസന പദ്ധതി രണ്ടാം ഭാഗം:-** നിലവിലെ മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയെ പുനരാവിഷ്ക്കരിക്കും. ഒരു കോടി വരെ 5% പലിശയിൽ വായ്പ നൽകുന്ന ഈ പദ്ധതിയിൽ ഒരു വർഷം 500 സംരംഭം എന്ന കണക്കിൽ, അടുത്ത അഞ്ച് വർഷം കൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കും.

**നിലവിൽ കോവിഡ്-19 ന്റെ രണ്ടാം തരംഗം മൂലം തുടരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ചെറുകിട വ്യവസായങ്ങൾ,ആരോഗ്യ പരിപാലനം, ടൂറിസം എന്നീ മേഖലകളിലുള്ള യൂണിറ്റുകളെ സഹായിക്കുന്നതിനായി കെ.എഫ്സി. കൈക്കൊണ്ടു വരുന്ന വിവിധ നടപടികൾ.**

a. **ഒരുവർഷത്തെ മൊറട്ടോറിയം:-** കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തു 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കും.

b. **വായ്പകളുടെ പുനഃക്രമീകരണം:-** സംരംഭകരുടെ നിലവിലുള്ള വായ്പകൾ റിസർവ് ബാങ്ക് (RBI) മാർഗനിർദേശങ്ങൾക്കനുസൃതമായി നിഷ്ക്രിയ ആസ്തി ആകാതെ പുനഃക്രമീകരണം ചെയ്തു നൽകുന്നതുമാണ്. ഇതിനായി ചാർജുകളോ അധിക പലിശയോ ഈടാക്കുന്നതല്ല. 3000 ത്തോളം വായ്പകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

c. **കെ.എഫ്.സി സംരംഭങ്ങൾക്ക് 20% അധിക വായ്പ:-** കോവിഡിന്റെ രണ്ടാം തരംഗത്തിൽ വീണ്ടും പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്കും സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത് പോലെ 20 ശതമാനം കൂടി അധിക

വായ്പ വീണ്ടും അനുവദിക്കും. അതായത് കഴിഞ്ഞ വർഷം അനുവദിച്ച 20 ശതമാനം ഉൾപ്പടെ 40 ശതമാനം അധിക വായ്പ.

ബാങ്കുകളെപ്പോലെ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി ലഭിക്കാത്തതിനാൽ കെ എഫ് സി സ്വന്തം നിലക്കാണ് ഈ പദ്ധതി രൂപീകരിച്ചത്. പദ്ധതിയിൽ മുതൽ തിരിച്ചടവിനു 24 മാസത്തെ സാവകാശം നൽകും. എന്നാൽ ഈ കാലയളവിലും പലിശ അടക്കേണ്ടതിനാൽ, വായ്പയിൽ നിന്നും ഇത് തിരിച്ചടക്കുവാനുള്ള സൗകര്യവും ഈ പദ്ധതിയിലുണ്ട്. 400 സംരംഭങ്ങൾക്ക് ഈ അനുകൂല്യം ലഭിക്കും. കെ എഫ് സി ഇതിനായി 450 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**d. <u>കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്കുള്ള സഹായം:-</u>** കോവിഡ് രോഗവ്യാപനം തടയാനും രോഗികൾക്ക് ആശ്വാസം നൽകുവാനും സഹായിക്കുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കായി ഉദാര വ്യവസ്ഥയിൽ പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മേഖലകൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

50 ലക്ഷം വരെയുള്ള വായ്പകൾ മുഖ്യ മന്ത്രിയുടെ സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തി 7% പലിശയിലാണ് നൽകുന്നത്. 5 വർഷമായിരിക്കും വായ്പാ കാലാവധി. കൂടുതൽ തുകയുടെ ലോണുകളിൽ 50 ലക്ഷം വരെ 7 ശതമാനത്തിലും അതിനു മുകളിൽ റേറ്റിംഗ് അടിസ്ഥാനമാക്കിയും ആണ് പലിശ ഈടാക്കുന്നത്. 10 വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. 50 സംരംഭങ്ങൾക്കായി 100 കോടി രൂപ ഇതിനായി മാറ്റി വെക്കും.

**e. <u>പലിശയിളവ്:-</u>**

പലിശ നിരക്ക് കുറച്ചു ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ എഫ് സി വൻ ഇളവ് വരുത്തി. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറഞ്ഞു. റേറ്റിംഗ് അടിസ്ഥാനമാക്കിയാണ് പലിശ നിർണയിക്കുന്നത്. കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലൈ 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ വർഷം പോളിസി മാറ്റങ്ങളെ തുടർന്ന് ഈടാക്കിയ അധിക പലിശ ഇടപാടുകാർക്ക് തിരികെ നൽകും.

ഇതിനെല്ലാം പുറമേയാണ് രണ്ടു മാസത്തെ ക്ഷേമ പെൻഷൻ ഓഗസ്റ്റ് മാസം ഒരുമിച്ച് നൽകുന്നത്. ഇതു വഴി 1700 കോടി രൂപ ജനങ്ങളുടെ കൈയിൽ നേരിട്ട് എത്തും. ഇതിനു പുറമേ ഓണത്തിന് അനുവദിക്കുന്ന സ്പെഷ്യൽ ഭക്ഷ്യ കിറ്റിനു 526 കോടി രൂപ ചെലവാക്കും.

Rani S.

സെക്ഷൻ ഓഫീസർ